# ജില്ലാ പഞ്ചായത്ത് കാര്യാലയം
## പത്തനംതിട്ട

ഫോൺ: 04682222198
മരണമോക്ഷ- മാതൃമോക്ഷ

നമ്പർ-പി5-407/14

തീയതി 05/03/2014

പ്രേഷിതൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഫിനാൻസ് ഓഫീസർ
ജില്ലാ പഞ്ചായത്ത് പത്തനംതിട്ട

സ്വീകർത്താവ്

ശ്രീ.പ്രകാശ് തോമസ്
പുളിയ്ക്കൽ
മുക്കൂട്ടുത്തറ പി.ഒ
മണിപ്പുഴ

സർ,

വിഷയം- ജില്ലാ പഞ്ചായത്ത്, പത്തനംതിട്ട - വിവരാവകാശ നിയമം -2005- പ്രകാരം ശ്രീ.പ്രകാശ് തോമസ്, പുളിയ്ക്കൽ, മുക്കൂട്ടുതറ എന്നയാളുടെ അപേക്ഷ- മറുപടി നൽകുന്നത് സംബന്ധിച്ച്

സൂചന- 1)താങ്കളുടെ 06/02/2014 ലെ വിവരാവകാശ നിയമം പ്രകാരമുള്ള അപേക്ഷ

2)ജില്ലാ സാമൂഹ്യ നീതി ആഫീസറുടെ 25/02/2014 ലെ നമ്പർ പി1-244/14 കത്ത്

സൂചന 1) ലെ താങ്കളുടെ വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷയ്ക്ക് സൂചന 2) പ്രകാരം ജില്ലാ സാമൂഹ്യ നീതി ആഫീസർ ലഭ്യമാക്കിയ വിവരങ്ങളും ചേർത്ത് താങ്കളുടെ അപേക്ഷയ്ക്കുള്ള മറുപടി ചുവടെ ചേർക്കുന്നു.

1. ജില്ലാ പഞ്ചായത്ത് 2012-13 പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ വികലാംഗർക്ക് ട്രൈ സ്കൂട്ടർ വിതരണം എന്ന പദ്ധതി പ്രകാരം നടത്തിയ മെഡിക്കൽ പരിശോധനയിൽ യോഗ്യത നേടിയ 51 ഗുണഭോക്താക്കളിൽ ക്രമ നമ്പർ 46 ൽ ശ്രീ.ബിബിൻ ജേക്കബ് C/o മേരിക്കുട്ടി ചാക്കോ, പുന്നക്കുന്നേൽ, കൊല്ലമുള എന്നയാൾ ഉൾപ്പെട്ടിരുന്നു. എന്നാൽ പദ്ധതിക്ക് വകയിരുത്തിയ അടങ്കൽ തുക പ്രകാരം 36 ഗുണഭോക്താക്കൾക്ക് മാത്രമേ ട്രൈ സ്കൂട്ടർ

വിതരണം നടത്താൻ സാധിക്കുമായിരുന്നുള്ളൂ. ആയതിനാൽ ഗുണഭോക്താക്കളിൽ നിന്നും ജില്ലാ പഞ്ചായത്ത് കമ്മറ്റി തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് മാത്രമേ ട്രൈ സ്കൂട്ടർ വിതരണം നടത്തിയിട്ടുള്ളൂ.

2. പ്രോജക്ടിന്റെ പകർപ്പ് , ആനുകൂല്യം ലഭിച്ചവരുടെ പേര് വിവരം, വൈകല്യം തെളിയിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് മുതലായവ 61 എ4 സൈസ് പേജുകളുടെ പകർപ്പ് ലഭ്യമാക്കുവാൻ പേജ് ഒന്നിന് 2 രൂപ പ്രകാരം 122/- രൂപ ജില്ലാ സാമൂഹ്യ നീതി ആഫീസറുടെ കാര്യാലയത്തിൽ ഒടുക്കി പകർപ്പുകൾ താങ്കൾക്ക് നേരിട്ട് കൈപ്പറ്റാവുന്നതാണ്.

3. പ്രോജക്ടിന്റെ പകർപ്പിൽ മാനദണ്ഡങ്ങൾ ലഭ്യമാണ്. തുക ഒടുക്കുവരുത്തുന്ന മുറയ്ക്ക് ജില്ലാ സാമൂഹ്യ നീതി ആഫീസറുടെ കാര്യാലയത്തിൽ നിന്നും ലഭ്യമാകുന്നതാണ്.

4. ജില്ലാ സാമൂഹ്യ നീതി ആഫീസറുടെ പേരിൽ തുക ഒടുക്കു വരുത്തുന്ന മുറയ്ക്ക് പകർപ്പ് അതേ ആഫീസിൽ നിന്നും ലഭ്യമാകുന്നതാണ്.

5. പത്തനംതിട്ട ജില്ലാ പഞ്ചായത്തിന്റെ 2013-14 വാർഷിക പദ്ധതിയിൽ ഈ പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. ലഭിക്കുന്ന അപേക്ഷകളിൽ ജില്ലാ പഞ്ചായത്ത് കമ്മറ്റി അതത് സമയങ്ങളിൽ തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളെയാണ് പദ്ധതിയ്ക്കായി പരിഗണിക്കുന്നത്. പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ ജില്ലാ സാമൂഹ്യ നീതി അഫീസർ ആകയാൽ അദ്ദേഹത്തിന്റെ കാര്യാലയത്തിൽ തുക ഒടുക്കു വരുത്തുന്ന മുറയ്ക്ക് പകർപ്പ് ലഭ്യമാകുന്നതാണ്.

വിശ്വസ്തതയോടെ

പി.വി.ജയൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഫിനാൻസ് ഓഫീസർ
ജില്ലാ പഞ്ചായത്ത് പത്തനംതിട്ട